# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുലിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-ALP/P-12/734/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുലിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-12/734/2021 തീയ്യതി: 24/09/2021

## ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ്. | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണിക്കൃഷ്ണൻ സി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദിവ്യ.സി.എസ്, ഓഡിറ്റർ (12-07-2021 മുതൽ 25-07-2021 വരെ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം.ജി.ശ്രീകുമാർ | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീല.ആർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.അബ്ദുൾ ജലീൽ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| പ്രീതാകുമാരി.പി.സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ലേഖ.വി.കെ. | ആയുർവേദ മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.കൊച്ചുത്രേസ്യ. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| അനിൽകുമാർ. കെ. | അസി.എഞ്ചിനിയർ | 01-04-2020 | 13-04-2020 |
| സഫീർ. എസ്. | അസി.എഞ്ചിനിയർ | 14-04-2020 | 19-06-2020 |
| പ്രവീൺ.കെ | അസി.എഞ്ചിനിയർ | 20-06-2020 | 31-03-2021 |
| രജിത്കമൽ | വി.ഇ.ഒ | 01-04-2020 | 25-01-2021 |
| റജിമോൾ.റ്റി. | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ബിന്ദു.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| മഞ്ജുഷ.എൻ.എസ്. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീലക്ഷമി | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ആര്യ സതീശൻ | വി.ഇ.ഒ | 26-01-2021 | 31-03-2021 |
| എ.സി ലീല | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |

20-06-2020 മുതൽ02-07-2020 വരെ അസി.എഞ്ചിനിയർ തസ്തിക വേക്കന്റ് ആണ്.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Divya C S (Auditor, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Mini.P.Radhakrishnan (Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-2 |
| 3 | വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ<br>Written By: Unnikrishnan C (Senior Grade Auditor, On 31-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)<br>Written By: Mini.P.Radhakrishnan (Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം ( എ).സി.ആർ പ്രകാരം)<br>Written By: Unnikrishnan C (Senior Grade Auditor, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 01-08-2021) | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 30-07-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 01-08-2021) | 1-5 |
| 7 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-09-2021) | 1-6 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-7 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-8 |
| 10 | ക്യാഷ് പരിശോധന<br>Written By: Unnikrishnan C (Senior Grade Auditor, On 01-08-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-09-2021) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ -പഞ്ചായത്തിൽ<br>Written By: Mini.P.Radhakrishnan (Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-10 |
| 12 | തൊഴിൽ നികുതി - മുഴുവൻ സ്ഥാപനങ്ങളെയും ഡിമാൻഡ് ചെയ്തീടാക്കാനായില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-11 |
| 13 | ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനത്തിന് തൊഴിൽ നികുതി ചുമത്തുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-12 |
| 14 | തൊഴിൽ നികുതി-ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള റെയിൽവേ ലെവൽക്രോസിംഗുകളിലെ ജീവനക്കാരെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-13 |
| 15 | ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലെ പുലിയൂർ കാമ്പസിലെ  ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-14 |

| | | |
|---|---|---|
| 16 | വസ്തുനികുതി: അനധികൃതമായി കെട്ടിടത്തെ ഒഴിവാക്കി<br>Written By: Unnikrishnan C (Senior Grade Auditor, On 31-07-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 02-08-2021) | 1-15 |
| 17 | വസ്തുനികുതി- കുടിശ്ശിക ഈടാക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.<br>Written By: Unnikrishnan C (Senior Grade Auditor, On 31-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-15-1 |
| 18 | ഇ-ടെണ്ടർ ഫീസ് -തനതുഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-16 |
| 19 | ഇലവങ്കാട് പള്ളി വല്യേത്ത് റോഡ് കോൺക്രീറ്റിംഗ് എസ്റ്റിമേറ്റ് കാലാണ്ടിറ്റി അധികരിച്ച് പ്രവൃത്തി നടത്തി<br>Written By: Mini.P.Radhakrishnan (Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-17 |
| 20 | ഈടാക്കിയ ബാരൽ വില തനതു ഫണ്ടിൽ ഒടുക്കി<br>Written By: Mini.P.Radhakrishnan (Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-18 |
| 21 | ലൈഫ് ഭവനനിർമ്മാണം - ഗുണഭോക്താവ് തിരികെ ഒടുക്കിയ പണം സർക്കാരിലേക്ക് അടച്ചില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 31-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-19 |
| 22 | ലൈഫ് ഭവന നിർമ്മാണം- മുൻകൂർ കൈപ്പറ്റിയ ശേഷം ഗുണഭോക്തൃപട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ട മൂന്ന് ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കാനായില്ല.<br>Written By: Unnikrishnan C (Senior Grade Auditor, On 31-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-20 |
| 23 | GEM വഴി സാധനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല .<br>Written By: Sindhya.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-21 |
| 24 | ലാപ്ടോപ്പ് വാങ്ങുന്നതിനായി അഡ്വാൻസായി തുക ചെലവഴിച്ചെങ്കിലും ലാപ്ടോപ്പ് ലഭ്യമായിട്ടില്ല.<br>Written By: Sindhya.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-08-2021) | 1-22 |
| 25 | നൂറ്റവൻ പാറ കുടിവെള്ള ടാങ്ക് മെയിന്റനൻസ് -പണി പൂർത്തീകരിച്ചില്ല<br>Written By: Sindhya.P (Asst. Audit Officer, On 31-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-23 |
| 26 | ജനകീയ ഹോട്ടലിന് ഫർണീച്ചർ വാങ്ങൽ<br>Written By: Sindhya.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-24 |
| 27 | ലൈഫ് ഭവന പദ്ധതി - അവലോകനം<br>Written By: Sindhya.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-09-2021) | 1-25 |
| 28 | കുടുംബപെൻഷൻ ലഭിക്കുന്ന ഗുണഭോക്താവിന് നൽകിയ വാർദ്ധക്യകാലപെൻഷൻ തിരികെ ഈടാക്കാനായില്ല.<br>Written By: Mini.P.Radhakrishnan (Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-26 |
| 29 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-27 |

| | | |
|---|---|---|
| 30 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Sindhya.P (Asst. Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-28 |
| 31 | മെഡിസിന് അഡ്വാൻസായി തുക ചെലവഴിച്ചു,മരുന്ന് ലഭ്യമായിട്ടില്ല.<br>Written By: Divya C S (Auditor, On 31-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-29 |
| 32 | പഠനമുറി പൂർത്തീകരിച്ചിട്ടില്ല<br>Written By: Sindhya.P (Asst. Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-30 |
| 33 | വാറ്റ് - 25557 രൂപ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്<br>Written By: Unnikrishnan C (Senior Grade Auditor, On 31-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-31 |
| 34 | പിഎച്ച്സിയിലേക്കുള്ള മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല.<br>Written By: Sreekanth C.S (Asst. Audit Officer, On 31-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-32 |
| 35 | പാലിയേറ്റീവ് കെയർ പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Sreekanth C.S (Asst. Audit Officer, On 31-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-33 |
| 36 | നിയമാനുസൃത കുറവുകൾ വരുത്താതെ ബിൽ തുക നൽകി<br>Written By: Mini.P.Radhakrishnan (Audit Officer, On 31-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-34 |
| 37 | എം.ജി.എൻ.ആർ.ഇ.ജി.എസ്- 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചവർക്കുള്ള പ്രത്യേകപാരിതോഷികം-4000രൂപ പഞ്ചായത്ത് ഫണ്ടിൽ തുടരുന്നു.<br>Written By: Unnikrishnan C (Senior Grade Auditor, On 01-08-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-35 |
| 38 | എയ്റോബിക് കംപോസ്റ്റ് യൂണിറ്റുകൾ- തുടർ നിരീക്ഷണം അനിവാര്യം<br>Written By: Unnikrishnan C (Senior Grade Auditor, On 31-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-36 |
| 39 | നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകയുടെ വിനിയോഗവിവരങ്ങളില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 01-08-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-09-2021) | 1-37 |
| 40 | ജീവനോപാധി നഷ്ടപ്പെട്ടവർക്കുള്ള ആനുകൂല്യം സർക്കാരുദ്യോഗസ്ഥന്റെ കുടുംബത്തിനും നൽകി<br>Written By: Unnikrishnan C (Senior Grade Auditor, On 01-08-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-09-2021) | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഇലവങ്കാട് പള്ളി വല്യേത്ത് റോഡ് കോൺക്രീറ്റിംഗ് എസ്റ്റിമേറ്റ് ക്വാണ്ടിറ്റി അധികരിച്ച് പ്രവൃത്തി നടത്തി<br>Written By: Unnikrishnan C (Senior Grade Auditor, On 02-08-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ | 4-2 |

| | | |
|---|---|---|
| | വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Mini.P.Radhakrishnan (Audit Officer, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-09-2021) | 4-5 |
| 6 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Mini.P.Radhakrishnan (Audit Officer, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 4-6 |
| 7 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-08-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 4-9 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23-03-20 ലെ നമ്പർ-3(1) കമ്മറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 146964436 | 148109686 |
| വാർഷികകണക്ക് പ്രകാരം(ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പ്രകാരം) | 110672620 | 113107041 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ഓഡിറ്റിന് അയച്ച തീയതി ഇസബ്മിറ്റ് ചെയ്ത തീയതി | കമ്മറ്റി തീരുമാനം നം.തീയതി |
|---|---|---|
| 2020-21 | 06-05-2021 | 4(1), തീയതി 4-05-2021 |

## 1-2-1 വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ

1) Secured Loan, RP-32 പ്രകാരം വരവായി എടുത്തിട്ടുണ്ട്. എന്നാൽ ലോൺ തുക ഹൌസിംഗ് പ്രോഗ്രാമുകൾക്കായി വിതരണം ചെയ്തതിനെ തുടർന്ന് RP-45 (Prepaid Programme Expense)ൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ തുക ബാൽസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല.

2) സംരക്ഷണഗ്രാന്റ് -നോൺ റോഡിൽ നിന്നും വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി ഉറവിടത്തിൽ കുറവ് ചെയ്ത തുക 35319 രൂപ എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഈ തുക കുറച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്തിരുന്നുവെങ്കിലും റദ്ദ് ചെയ്ത ഉത്തരവ് പ്രകാരമുള്ള സംഖ്യമാത്രമാണ് വെബ്സാംഖ്യയിൽ നിന്നുള്ള എ.സി.ആറിൽ വരവായി ഉൾപ്പെടുത്തിയിരിക്കുന്നത്.)

3) ഋണശീർഷകങ്ങളിൽ സർക്കാരിലേക്ക് ഒടുക്കുവാനുള്ള തുകകൾ ബാധ്യതയായി നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾ ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

4) പി.എച്ച്.സിക്ക്- അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ എന്ന പ്രോജക്റ്റ് പ്രകാരം നിർമ്മിതി കേന്ദ്രത്തിന് 220000 രൂപ മുൻകൂർ നൽകിയെങ്കിലും ഇവ അഡ്വാൻസ് എന്ന നിലയിലായിരുന്നില്ല വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയത്. B-18 പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ് മുഖാന്തിരം വിവരം സ്ഥാപനത്തെ അറിയിച്ചതിനെ തുടർന്ന് കണക്കുകളിൽ ആവശ്യമായ ഭേദഗതി വരുത്തി വിവരം രേഖാമൂലം അറിയിച്ചു.

5) സ്റ്റെയിൽ ചെക്കുകളുടെ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്ന തുകയിൽ വർഷങ്ങളായി തുടരുന്ന ചെക്ക് തുകകളും ഉൾപ്പെടുന്നതായി കാണുന്നു. 20-21 ലെ കണക്കുകൾ പ്രകാരം ഇത് 157218/- രൂപയാണ്.

6) MGNREGS -നൂറ് ദിവസത്തെ തൊഴിൽ പൂർത്തിയാക്കിയവർക്ക് പ്രത്യേക പാരിതോഷികമെന്ന നിലക്ക് വിതരണം ചെയ്ത തുകയിൽ തിരികെ വന്ന 4000രൂപ സ്റ്റെയിൽ ചെക്ക് എന്ന നിലയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്.

7)മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് -ചെലവുകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9794681.68 |
| വരവ് | 59856282 |
| ആകെ | 69650963.68 |
| ചെലവ് | 57713082 |
| നീക്കിയിരിപ്പ് | 11937881.68 |

## 1-4 ഫണ്ട് വിനിയോഗം ( എ.സി.ആർ പ്രകാരം)

| ക്രമ നം | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | 12424600 + 1968893 | 1593702 | 12234525 | 13828227 | 565266 |
| 2 | വികസനഫണ്ട്-എസ്.സി.പി | 8115000 | 248980 | 6668952 | 6917932 | 1197068 |
| 3 | വികസനഫണ്ട്-ടി.എസ്.പി | - | - | - | - | - |
| 4 | സംരക്ഷണ ഗ്രാന്റ് -റോഡ് | 6996000 | 0 | 6996000 | 6996000 | 0 |
| 5 | സംരക്ഷണഗ്രാന്റ് -നോൺ റോഡ് | 3492000 | 35319 | 2722586 | 2757905 | 734095 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ്- Untied | 7368477 | 0 | 4351092 | 4351092 | 3017385 |
| 7 | ധനകാര്യകമ്മീഷൻ ഗ്രാന്റ് Tied | 3890000 | 0 | 1199493 | 1199493 | 2690507 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 216 | 752908 | 753124 | 752576 | 548 |
| നൂറ് തൊഴിൽദിനങ്ങൾ പൂർത്തീകരിച്ചവർക്കുള്ള പ്രത്യേക പാരിതോഷികം | | 309000 | 309000 | 309000 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 24448966 | 24448966 | 24448966 | |

## 1-6 പദ്ധതി അവലോകനം

2020-21 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം)) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|---|
| 2020-21 | 191 | 114659493 | 186 | 45284025 | 35 | 5 | 97% |

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 2019-20 | 12/20 | --------- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-08-2016 മുതൽ 02-09-2016 വരെ | 2011-12 മുതൽ 2015-16 വരെ | 05-08-2019 |

## 1-8 ക്ഷേമപദ്ധതികൾ

5

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16320 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 6595800 | 434 |
| വിധവാപെൻഷൻ | 8737500 | 635 |
| വാർദ്ധക്യകാലപെൻഷൻ | 19718600 | 1445 |
| വികലാംഗ പെൻഷൻ | 3597300 | 234 |
| അവിവാഹിതപെൻഷൻ | 201000 | 16 |

## 1-9 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28/07/2021 3 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 3731/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ -പഞ്ചായത്തിൽ

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.
ജനകീയാസൂത്രണ പദ്ധതികളുടെ പുരോഗതിയും ഫലപ്രാപ്തിയും മോണിട്ടറിംഗ് റിപ്പോർട്ടുകളിൽക്കൂടി വിലയിരുത്തുന്നില്ല. മിനിട്സ് പരിശോധിച്ചതിൽ, പഞ്ചായത്ത് ഭരണസമിതിയെടുത്ത മുൻതീരുമാനങ്ങൾ തുടർന്ന് നടപ്പാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കപ്പെടുന്നില്ലായെന്ന് കാണുന്നു. പഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ്ബുക്കിൽ ഇന്ധനഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം സാക്ഷ്യപ്പെടുത്തുന്നില്ല. കംപ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ്‌വെയർ സ്റ്റോക്ക് രജിസ്റ്ററുകളിൽ വാറന്റി പിരിയഡ്, എ.എം.സി നൽകിയതിന്റെ വിവരങ്ങൾ എന്നിവ യഥാവിധി ചേർത്ത് പരിപാലിച്ചുപോരുന്നില്ല. പൊതുമരാമത്ത് വർക്കുകളിൽ കരാർ കാലാവധി രേഖപ്പെടുത്തി കരാർവെയ്ക്കാത്തത് മരാമത്ത് പണികൾ അനിയന്ത്രിതമായി നീണ്ടുപോകുന്നതിന് ഇടയാക്കുന്നു. ആഭ്യന്തരനിയന്ത്രണത്തിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി - മുഴുവൻ സ്ഥാപനങ്ങളെയും ഡിമാൻഡ് ചെയ്തീടാക്കാനായില്ല

തൊഴിൽ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതായ മുഴുവൻ തുകകളും ഈടാക്കുന്നതിന് കഴിഞ്ഞിട്ടില്ലായെന്ന് 2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും താഴെ പറയുന്ന സ്ഥാപനങ്ങളെയോ സ്ഥാപനങ്ങളിലെ ജീവനക്കാരെയോ 2019-20 , 20-21 വർഷങ്ങളിൽ തൊഴിൽ നികുതി ചുമത്താനായില്ല. സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | റേഷൻ ഷോപ്പുകൾ -11 എണ്ണം |
| 2 | ഇലഞ്ഞിമേൽ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.A224(D) APCOS |
| 3 | പാലാഴി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.A286(D) APCOS |
| 4 | പുലിയൂർ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.A226(D) APCOS |
| 5 | പേരിശ്ശേരി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.A37(D) APCOS |
| 6 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, പുലിയൂർ |
| 7 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, ഇലഞ്ഞിമേൽ |
| 8 | ചേരി തെക്കേതിൽ നിധി ലിമിറ്റഡ്, പുലിയൂർ |
| 9 | ലക്ഷ്മി ഫൈനാൻസിയേഴ്സ്, പുലിയൂർ |

തൊഴിൽ നികുതി കുടിശ്ശിക സഹിതം ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-12 ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനത്തിന് തൊഴിൽ നികുതി ചുമത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2019-20 മുതൽ പ്രവർത്തിച്ച് വരുന്ന പേരിശ്ശേരി റസിഡൻഷ്യൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (നം- A1219) എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല. ഈ സ്ഥാപനത്തിന്റെയും സ്ഥാപനത്തിലെ ജീവനക്കാരുടേയും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി-ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള റെയിൽവേ ലെവൽക്രോസിംഗുകളിലെ ജീവനക്കാരെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ രണ്ട് റെയിൽവേ ലെവൽ ക്രോസ്സിംഗുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലെവൽക്രോസ്സുകളിലെ റെയിൽവേ ജീവനക്കാരെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിന് നാളിതുവരെയും ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സതേൺ റെയിൽവേയുടെ തിരുവനന്തപുരം ഡിവിഷനിൽ ഡിമാൻഡ് ചെയ്ത് ലെവൽ ക്രോസിംഗുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നം. 12തീയതി 23-07-2021).

## 1-14 ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലെ പുലിയൂർ കാമ്പസിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ല

സെൻട്രൽ ഹാച്ചറിയിലെ നിരവധി കെട്ടിടങ്ങൾ പുലിയൂർ ഗ്രാമപഞ്ചായത്തിലാണ് ഉൾപ്പെടുന്നത്. കെട്ടിടങ്ങളുടെ നമ്പരും വിസ്തൃതിയും ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിടത്തിന്റെ തറവിസ്തൃതി (ച.മീ) |
|---|---|---|
| 1 | 5/254 | 45 |
| 2 | 5/255 | 35 |
| 3 | 5/256 | 35 |
| 4 | 5/257 | 35 |
| 5 | 5/258 | 35 |
| 6 | 5/259 | 48 |
| 7 | 5/260 | 45 |

| ക്രമ നം | കെട്ടിട നം | കെട്ടിടത്തിന്റെ തറവിസ്തൃതി (ച.മീ) |
|---|---|---|
| 8 | 5/261 | 104 |
| 9 | 5/262 | 108 |
| 10 | 5/263 | 514 |
| 11 | 5/459 | 83.59 |
| 12 | 5/460 | 55.39 |

ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലെ 1143 ച.മീറ്റർ വിസ്തൃതിയുള്ള കെട്ടിടങ്ങൾ പുലിയൂർ ഗ്രാമപഞ്ചായത്തിലാണ് എന്നിരിക്കെ ഇവിടെ ജോലി ചെയ്യുന്ന സ്ഥിരം / കരാർ ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്ത് ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല. ഈ കെട്ടിടങ്ങളിൽ / ഓഫീസുകളിൽ ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യാത്തതിനുള്ള കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പി (നം-12/ തീയതി 26-07-21) നുള്ള മറുപടിയിൽ സെൻട്രൽ ഹാച്ചറി പ്രൊഡക്ഷൻ മാനേജരുടെ കത്തിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കി. പുലിയൂർ പഞ്ചായത്തിന്റെ പരിധിയിൽ സെൻട്രൽ ഹാച്ചറിയുടെ പേരന്റ് സ്റ്റോക്ക് കോഴികളെ പരിപാലിക്കുന്ന ഷെഡ്ഡുകൾ മാത്രമാണുള്ളതെന്നും ആയതിനെ പരിപാലിക്കുന്ന ജീവനക്കാർ മെയിൻ കാമ്പസിലാണ് ഹാജർ രേഖപ്പെടുത്തുന്നതെന്നും പുലിയൂർ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിലേക്ക് മാത്രമായി സ്ഥിരമായി ജോലിക്കാരെ നിയോഗിക്കാറില്ലെന്നും റൊട്ടേഷൻ വ്യവസ്ഥയിലാണ് ജോലിക്ക് നിയോഗിക്കപ്പെടുന്നതെന്നും ഉള്ള വിവരങ്ങൾ സെൻട്രൽ ഹാച്ചറി പ്രോഡക്ഷൻ മാനേജർ ഈ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. സെൻട്രൽ ഹാച്ചറിയിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് ഉൾപ്പെടുന്ന ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലാണ് അടക്കുന്നതെന്നും മറുപടിയിൽ പ്രോഡക്ഷൻ മാനേജർ വ്യക്തമാക്കുന്നുണ്ട്. എന്നാൽ പ്രൊഡക്ഷൻ മാനേജരെ ഉദ്ധരിച്ച് സെക്രട്ടറി നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. റൊട്ടേഷൻ വ്യവസ്ഥയിലാണ് ജീവനക്കാരെ പേരന്റ് സ്റ്റോക്ക് ഷെഡ്ഡുകളിലേക്ക് നിയോഗിക്കുന്നതെങ്കിൽ പോലും ടി ജീവനക്കാർ അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് തൊഴിൽ ചെയ്യുന്നെവെന്നത് വ്യക്തമാണ്. ആയതിനാൽ ആനുപാതികമായ എണ്ണം ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സ് തന്നെയാണ്. ആയതിനാൽ പുതിയ അർദ്ധവർഷം മുതൽ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ പുലിയൂർ കാമ്പസിലേക്ക് നിയോഗിക്കപ്പെടുന്നവരുടെ തൊഴിൽ നികുതി / ആനുപാതികമായ എണ്ണം ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്ത് ഡിമാൻഡ് ചെയ്യേണ്ടതും ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിക്കുന്ന പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി: അനധികൃതമായി കെട്ടിടത്തെ ഒഴിവാക്കി

ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്നതും 65 ചതുരശ്രമീറ്റർ വിസ്തൃതിയുള്ളതുമായ പാർപ്പിടാവശ്യകെട്ടിടത്തെ വസ്തുനികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കി. ഈ കെട്ടിട ഉടമക്ക് നിയമാനുസൃത ഇളവുകൾക്ക് അർഹതയില്ലാത്തതിനാൽ ഈ കെട്ടിടത്തിന്റെ വസ്തുനികുതി പുനനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | തറവിസ്തൃതി | അടിസ്ഥാന വസ്തുനികുതി | വസ്തുനികുതി |
|---|---|---|---|
| പ്രേംനാഥ്, പവിത്രം,പേരിശ്ശേരി | 65 ച.മീ | 65x6= 390<br>ഇളവുകൾ- 30 %<br>ദ്വിതീയം-39<br>കാലപ്പഴക്കം-39<br>കുറഞ്ഞതരം<br>മേൽക്കൂര-39 | വസ്തുനികുതി- 273<br>ലൈ.സെസ്- 14 |

## 1-15-1 വസ്തുനികുതി- കുടിശ്ശിക ഈടാക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

2020-21 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന്റെ കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 431100101 | Residential Buildings - തൻവർഷം | 141300 |
| 431100102 | Residential Buildings - കുടിശ്ശിക | 13808 |
| 431100103 | Non-Residential Buildings -തൻവർഷം | 114775 |
| 431100104 | Non-Residential Buildings - കുടിശ്ശിക | 77464 |

കുടിശ്ശിക ഈടാക്കുന്നതിന് ഊർജ്ജിത ശ്രമങ്ങളുണ്ടാകേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-16 ഇ-ടെണ്ടർ ഫീസ് -തനതുഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2019-2020,2020-21 വർഷങ്ങളിലായി ഇ ടെണ്ടർ ചെയ്ത വർക്കുകളുടെ ടെണ്ടർ ഫീ ഇനത്തിൽ 32480/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | ബിഡ്ഡുകളുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ |
|---|---|---|---|---|
| 1 | പെരുമണ്ണൂർ-നാണിശ്ശേരി റോഡ് | 3 | 2500 | 7500 |
| 2 | കുന്നത്തപാട് -സോമശേഖരപുരം ടെമ്പിൾ റോഡ് | 2 | 1000 | 2000 |
| 3 | തൈത്രുപ്പടി-റെയിൽവേ കട്ടിങ് റോഡ് | 2 | 1000 | 2000 |
| 4 | പോതലക്കാട്-PHC ബ്ലോക്ക് റോഡ് | 2 | 1040 | 2080 |
| 5 | പുതിയ ടോയ് ലെറ്റ് ബ്ലോക്കിന്റെ (സ്കൂൾ)നിർമ്മാണം | 2 | 1200 | 2400 |
| 6 | ചെട്ടിയാൻമോഡി-കിഴിയത്തുമലറോഡ് | 2 | 2500 | 5000 |
| 7 | ഇലഞ്ഞിമേൽ-പാറമേൽപ്പടി റോഡ് നിർമ്മാണം | 4 | 2000 | 8000 |
| 8 | തെരുവിൽ പള്ളി മാലി ഫുട്പാത് | 1 | 1000 | 1000 |
| 9 | വലിയത്പടി-പാണ്ടനാട് അതിർത്തി റോഡ് | 1 | 2500 | 2500 |
| | ആകെ | | | 32480 |

മുൻ വർഷങ്ങളിലേതുൾപ്പടെ നിലവിൽ 58,688/-രൂപ പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതായിട്ടുണ്ട്. തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഇലവങ്കാട് പള്ളി വല്യേത്ത് റോഡ് കോൺക്രീറ്റിംഗ് എസ്റ്റിമേറ്റ് ക്വാണ്ടിറ്റി അധികരിച്ച് പ്രവൃത്തി നടത്തി

പ്രോജക്ട് നം.S0092/2020

ഫണ്ട്- സി.എഫ്.സി ഗ്രാന്റ് 1,70,000/-

ബിൽ നം.21/19-20 തുക163837/- തീയതി 21-01-2020.

എം.ബുക്ക് നം.16/19-20

ഇലവങ്കാട് പള്ളി വല്യേത്ത് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ,കരാർ എന്നിവ പരിശോധിച്ചതിൽ, പി. ഭദ്രൻ എന്ന കരാറുകാരന്റെഎസ്റ്റിമേറ്റ് നിരക്കിൽ നിന്നും .03%കുറവിലുള്ള കരാർ അംഗീകരിച്ച് വർക്ക് ഏൽപ്പിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ഡിറ്റയിൽഡ് എസ്റ്റിമേറ്റ് പ്രകാരം ഐറ്റം നം.2, (11.4.3.1 )Providing Concrete For Plain/Reinforced Concrete In Open Foundations Complete As Per Drawings And Technical Specifications Clause 802,803,1202&1203) ന് ക്യബിക് മീറ്ററിന് 8566.68/- രൂപയാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. എം. ബുക്ക് നം.16/19-20 പരിശോധിച്ചതിൽ, നിലവിലെ സൈറ്റ് കണ്ടീഷനനുസരിച്ച് ഫോം വർക്ക് ഒഴിവാക്കിയതായി അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി ക്യൂബിക്ക് മീറ്ററിന് 8236.52 നിരക്കിൽ റേറ്റ് അനുവദിച്ച് (എം.ബുക്ക് പ്രകാരം അസിസ്റ്റന്റ് എഞ്ചിനിയർ അനുവദിച്ചത്)പ്രസ്തുത ഐറ്റത്തിന്റെ മൂല്യം തിട്ടപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഈ ഐറ്റത്തിന്റെ എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയായ 16.950 ക്യൂബിക് മീറ്ററിൽ ലിമിറ്റ് ചെയ്യാതെ17.6019 എം3 ന് കരാറുകാരന് പ്രതിഫലം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ അധികരിച്ച് മൂല്യം തിട്ടപ്പെടുത്തിയത് സംബന്ധിച്ച് വ്യക്തത വരുത്താനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23 തീയതി. 28-07-2021) ലഭ്യമാക്കിയ മറുപടി പ്രകാരം വർക്ക് തൃപ്തികരമായി നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ കൂടുതൽ ചെയ്യാൻ കരാറുകാരന് നിർദ്ദേശം നൽകിയതായും തദനുസരിച്ചാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്. മറുപടിയെ സാധൂകരിക്കുന്ന രേഖകളോ/രേഖപ്പെടുത്തലുകളോ ഫയലിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അധികം ചെലവഴിച്ച 8236.52*(17.6019-16.950)=5369/-രൂപ ചെലവിനുത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നു.

## 1-18 ഈടാക്കിയ ബാരൽ വില തനതു ഫണ്ടിൽ ഒടുക്കി

30-10-2017 ലെ സർക്കുലർ നം. 59827/എഫ്.എം/07. ത.സ്വ.ഭ.വ പ്രകാരം കരാറുകാരനിൽ നിന്ന് ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാമെന്നും ടാർവീപ്പ വിറ്റുകിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി.) 177/2006/ധനം 12-04-2006 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ചുവടെ ചേർക്കുന്ന വർക്കുകളുടെ ബില്ലുകളിൽനിന്നും ബാരൽ വിലയായി കരാറുകാരനിൽ നിന്നും തുക ഈടാക്കുകയും തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്തതായും കാണുന്നു.

| വർക്കിന്റെ പേര്/പ്രോജക്ട് നം. | തുക | ബിൽ നം./ തീയതി |
|---|---|---|
| കരിപ്പാലത്തറപ്പടി പടിഞ്ഞാറ്റംത്തറപ്പടി റോഡ് മെയിൻറനൻസ് (പ്രോ. നം.S060/19) | 2890/- | 57/2021 തീയതി30-3-2021 |
| പുല്ലങ്കരിപ്പടി റോഡ് മെയിന്റനൻസ് (പ്രോ. നം.S0041/21) | 3692/- | 41-20-21/ തീയതി12-12-2020 |
| പൊറ്റമേൽക്കടവ് ജയപ്രകാശ് കോളനി റോഡ് മെയിന്റനൻസ് | 2556/- | 47/2020-21തീയതി14-01-2021 |
| ചിരേപ്പടി തൈത്തറപ്പടി റെയിൽവെ കട്ടിംഗ് രോഡ് റി ടാറിംഗ് (S0034/21) | 2840/- | |
| കുന്നത്ത്പ്പടി സോമശേഖരംപുരം ടെമ്പിൾ റോഡ് റിടാറിംഗ്( S0032/21) | 3124/- | 54/2021 തീയതി 4-02-2021 |
| പൊത്തലക്കാട് പി.എച്ച്.സി ബ്ലോക്ക് റോഡ് റിടാറിംഗ്(S0050/21) | 7100/- | 35/2020-2021 തീയതി12-12-2020 |
| പാണയത്തുകുളം പാലച്ചുവട് റോഡ് റി ടാറിംഗ് (S0048/21) | 6248/ | 37/2020-21 തീയതി 12-12- |

| | | |
|---|---|---|
| | | 2020 |
| ആകെ | 28450/- | |

ബാരൽ വിലയായി കരാറുകാരന്റെ ബില്ലിൽ നിന്നും കുറവ് വരുത്തി തനതു ഫണ്ടിൽ അടച്ച തുക വികസന ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റിൽ തിരിച്ചടക്കേണ്ടതാണ്.

## 1-19 ലൈഫ് ഭവനനിർമ്മാണം - ഗുണഭോക്താവ് തിരികെ ഒടുക്കിയ പണം സർക്കാരിലേക്ക് അടച്ചില്ല

ലൈഫ് പദ്ധതിയിൽ നിന്നും പിൻമാറുന്നതിനായി ശ്രീമതി രത്നമ്മ എന്ന ഗുണഭോക്താവ് 11-01-2019 ൽ മുൻകൂർ കൈപ്പറ്റിയ 40000/-രൂപ 3200/- രൂപ പലിശ സഹിതം ഗ്രാമപഞ്ചായത്തിലേക്ക് ഒടുക്കിയിരുന്നു (രസീത് നം-118010102484/ 11-01-2019). ഈ തുക ഗ്രാമപഞ്ചായത്ത് ബാധ്യത ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (ഹെഡ് കോഡ്-350300109) 43,200 രൂപ സർക്കാരിലേക്ക് തിരികെ ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവന നിർമ്മാണം- മുൻകൂർ കൈപ്പറ്റിയ ശേഷം ഗുണഭോക്തൃപട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ട മൂന്ന് ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കാനായില്ല.

അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവന രഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിയ സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി.

ഓരോ പദ്ധതിയുടെയും വിജയമെന്നത് പദ്ധതിയുടെ ഗുണഫലം അർഹരിൽ എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിൽ മാത്രമല്ല ഗുണഫലങ്ങൾ അനർഹരിലേക്ക് എത്തുന്നില്ലായെന്നും ഇനിയെത്തിയാൽതന്നെ അവ സമയബന്ധിതമായി തിരികെ ഈടാക്കുന്നതിലുമാണ്. അനർഹരെ കണ്ടെത്തുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ശ്രമങ്ങൾ ശ്ലാഘനീയമാണ്. എന്നാൽ അനർഹമായി കൈപ്പറ്റിയ പണം തിരികെ ഈടാക്കിയാൽ മാത്രമെ ഈ ശ്രമങ്ങൾ പൂർണ്ണതയിലേക്ക് എത്തുകയുള്ളൂ.

ഗ്രാമപഞ്ചായത്തിന്റെ ലൈഫ് ഭവനനിർമ്മാണപദ്ധതി ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട് മുൻകൂർ ധനസഹായ ഗഡു കൈപ്പറ്റുകയും തുടർന്ന് വിവിധകാരണങ്ങളാൽ ഗുണഭോക്തൃപട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ട് ധനസഹായം നൽകാതിരിക്കുകയും ചെയ്ത 3 വ്യക്തികൾക്ക് നൽകിയ മുൻകൂർ ഗഡുവിന്റെ പണം തിരികെ ഈടാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും പണം ഇത് വരെ തിരികെ ഈടാക്കാനായില്ല. ഇത് സംബന്ധിച്ച് ഈ വ്യക്തികൾക്ക് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ കത്ത് (2020 ജൂലൈ മാസം) നൽകിയിട്ടുണ്ട്. പണം തിരികെ ഈടാക്കാനവശേഷിക്കുന്ന വ്യക്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് വിലാസം | കൈപ്പറ്റിയ മുൻകൂർ | പണം കൈപ്പറ്റിയ തീയതി (രജിസ്റ്റർ പ്രകാരം) | ഗുണഭോക്തൃപട്ടികയിൽ നിന്നും ഒഴിവാക്കാനുള്ള കാരണം |
|---|---|---|---|
| ഉഷ സുരേന്ദ്രൻ<br>ചെമ്പോലിമലയിൽ<br>പുലിയൂർ | 40000 | 12/03/2019 | വീട് പണി ആരംഭിച്ചിട്ടില്ല |
| നിർമ്മല<br>ഇന്ദീവരം<br>തോന്നക്കാട് | 40000 | 05/06/2018 | സ്വന്തമായി 38 സെന്റ് സ്ഥലം ഉള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥന് ബോധ്യപ്പെട്ടതിനെ തുടർന്ന് |
| രമേശൻ<br>കരിപ്പാലിത്തറയിൽ<br>കുളിക്കാംപാലം | 40000 | 28/03/2018 | ലൈഫ് മാനദണ്ഡങ്ങൾ പാലിച്ചില്ല. |

ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതുണ്ട്. തുക പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-21 GEM വഴി സാധനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല .

വിവിധ നിർവഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകൾ പ്രകാരം 2019-20, 2020-21 വർഷങ്ങളിലായി ധാരാളം വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ GEM വഴി സാധനങ്ങൾ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടില്ല. സ.ഉ (പി) നം. 07/19/എസ്.ഡി.പി/26-04-19 പ്രകാരം 25000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെ (ആഹാര പദാർത്ഥങ്ങൾ, ലബോറട്ടറി മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ഒഴികെ) വാങ്ങലുകൾക്ക് GEM മുഖേനയുള്ള വാങ്ങലുകൾ നിർബന്ധമാക്കിയിട്ടുണ്ട്. സ.ഉ. (പി) നം. 07/19/എസ്.ഡി.പി./26.04.2019 പ്രകാരം സ്റ്റേഷനറി വകുപ്പ്, ഫയർ ആന്റ് റെസ്ക്യൂ സർവീസസ്, കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി മുതലായ സ്ഥാപനങ്ങളെയും ഒഴിവാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ മേൽ അപാകത ഒഴിവാക്കി വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ലാപ്ടോപ്പ് വാങ്ങുന്നതിനായി അഡ്വാൻസായി തുക ചെലവഴിച്ചെങ്കിലും ലാപ്ടോപ്പ് ലഭ്യമായിട്ടില്ല.

പ്രോജക്ട് നം -10/21

പ്രോജക്ടിന്റെ പേര് -എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ

നിർവഹണ ഉദ്യോഗസ്ഥ - അസി. സെക്രട്ടറി

പ്രോജക്ട് അനുസരിച്ച് 14 ലാപ്ടോപ് വാങ്ങുന്നതിനായി 3,94,310 രൂപ ട്രഷറി ബിൽ നം - 14/2020-21/04-03-21 പ്രകാരം പിൻവലിച്ച് കേരള സ്റ്റേറ്റ് ഐ.ടി.മിഷന് അഡ്വാൻസായി നല്കിയിട്ടുണ്ടെങ്കിലും ഇതുവരെയും ലാപ്പ് ടോപ്പ് ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല. ഇതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം -10 ന് നല്കിയ വിശദീകരണത്തിൽ കെൽട്രോണിൽ അന്വേഷിച്ചപ്പോൾ സപ്ലൈ ഓർഡർ കൂടുതലായതിനാലാണ് സാധനം സപ്ലൈ ചെയ്യാൻ വൈകുന്നത് എന്ന് അറിയിച്ചതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ലാപ്ടോപ്പ് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക താല്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

## 1-23 നൂറ്റവൻ പാറ കുടിവെള്ള ടാങ്ക് മെയിന്റനൻസ് -പണി പൂർത്തീകരിച്ചില്ല

നൂറ്റവൻ പാറ ഗ്രൗണ്ട് ലെവൽ ടാങ്കിന്റെ നവീകരണവും 65 Mm ജി.ഐ. പമ്പിംഗ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തിയും നടപ്പിലാക്കുന്നതിനായുള്ള ഈ പ്രോജക്ടിന് വേണ്ടി മുൻ വർഷത്തിൽ 3,23,000/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത്, വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാൽ ടി പ്രവർത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നും, പമ്പ് വെയറിന്റെ ജി.എസ്.ടി നിരക്ക് ഉയർന്നതിനാൽ 27000/- രൂപ കൂടി അടക്കണമെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 27000/- രൂപ (ട്രഷറി ബിൽ നം 10/20-21/ 22-10-20 പ്രകാരം വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. 10/19 -07-21. ന് 2019 ൽ തന്നെ കരാർ വെച്ചെങ്കിലും വാട്ടർ അതോറിറ്റി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ലായെന്നുള്ള വിവരമാണ് മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. പഞ്ചായത്ത് നിക്ഷേപ പ്രവർത്തികളിൽ തുടർ നിരീക്ഷണം നടത്താത്തത്, പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടാക്കുന്നു. ടി വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതി നിർവഹണം പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ സത്വരനടപടി സ്വീകരിക്കേണ്ടതും വിശദവിവരം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-24 ജനകീയ ഹോട്ടലിന് ഫർണീച്ചർ വാങ്ങൽ

പ്രോജക്ട് നം -226/21

പ്രോജക്ടിന്റെ പേര് - ജനകീയ ഹോട്ടലിന് ഫർണീച്ചർ വാങ്ങൽ

പ്രോജക്ട് അനുസരിച്ച് സിഡ്കോയുടെ ഇൻവോയിസ് നം. എ.എൽ.പി.വൈ/20-21/264/17-03-21 പ്രകാരം 58929 രൂപ ചെലവഴിച്ച് ( ട്രഷറി ബിൽ നം. 18/20-21/22-03-21) 7 സ്റ്റീൽ ടേബിൾ, 22 പ്ലാസ്റ്റിക് ആം ലെസ് ചെയർ എന്നിവ വാങ്ങിയിട്ടുണ്ട്. പ്ലാസ്റ്റിക് ചെയർ ടെണ്ടർ നടപടി ഒഴിവാക്കി സിഡ്കോയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. വാങ്ങിയ സാധനങ്ങളിൽ കസേരകളും 5 ടേബിളും നിലവിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം -10/19-07-21 നുള്ള മറുപടിയിൽ ജനകീയ ഹോട്ടലിൽ

മെയിന്റനൻസ് പണി നടക്കുന്നതിനാലാണ് ഫർണീച്ചർ ഇടാൻ സാധിക്കാത്തത് എന്നറിയിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ മെയിന്റനൻസ് പണി സ്പിൽ ഓവറായി തുടരുന്നുവെന്നും അറിയിച്ചു. നിലവിൽ പഞ്ചായത്തിന്റെ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിൽ ഇത്രയും ഫർണീച്ചറിടാനുള്ള സ്ഥല സൗകര്യമില്ല. ശരിയായ ആവശ്യകത നിർണയിക്കാതെ വാങ്ങൽ നടത്തിയതു മൂലമാണ് സാധനങ്ങൾ ഉപയോഗരഹിതമായി സൂക്ഷിക്കേണ്ടി വരുന്നത്. ഇപ്രകാരം ശരിയായ ആവശ്യകത നിർണയിക്കാതെ സാധനങ്ങൾ വാങ്ങി പണം ചെലവഴിച്ചതിന് വിശദീകരണം നല്കേണ്ടതാണ് .

## 1-25 ലൈഫ് ഭവന പദ്ധതി - അവലോകനം

2020-21 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് വി.ഇ.ഒ. സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2020-21 | 3 | 6 | 3 | 1 | 5 | 4 |

ആകെ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| വർഷം | പദ്ധതി വിഹിതം | ബ്ലോക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2020-21 | 520000 | - | - | 2100000 | 1300000 | 3920000 |

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് 2020-21 സാമ്പത്തിക വർഷം കരാർ വച്ചവരിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത എസ്.സി. ഗുണഭോക്താക്കളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഗുണഭോക്താവിന്റെ പേര് | വാർഡ് | ഇതുവരെ കൈപ്പറ്റിയ ആകെ തുക |
|---|---|---|---|
| 2020 -21 | വിക്രമൻ.സി.സി., ചക്കാലതുണ്ടിൽ | 13 | 360000 |
| 2020-21 | ജാനമ്മ, വേലത്താം പറമ്പിൽ | 5 | 360000 |
| 2020-21 | സുധീഷ്.എസ്., ചൊവ്വേലിത്തറയിൽ | 12 | 200000 |
| 2020-21 | അമ്മിണി.സി, കുറ്റിക്കാട്ട് പള്ളത്ത് | 1 | 40000 |
| 2020-21 | ചെല്ലമ്മ, പാവൂർ പടീറ്റതിലൽ | 10 | 40000 |

ടി ഗുണഭോക്താളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-26 കുടുംബപെൻഷൻ ലഭിക്കുന്ന ഗുണഭോക്താവിന് നൽകിയ വാർദ്ധക്യകാലപെൻഷൻ തിരികെ ഈടാക്കാനായില്ല.

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വ്യക്തികൾക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ നൽകുന്ന സാമൂഹ്യസുരക്ഷപെൻഷനുകൾ സർക്കാർ ഉദ്യോഗസ്ഥർ, സർവ്വീസ് കുടുംബപെൻഷണർമാർ

എന്നിവർ കൈപ്പറ്റുന്നത് പദ്ധതിയുടെ ഉദ്ദേശ്യങ്ങൾക്കെതിരാണ്. സർക്കാരിന് അനാവശ്യബാധ്യതയുണ്ടാക്കുന്ന വ്യക്തികളെ കണ്ടെത്തി പദ്ധതിയിൽ നിന്നും ഒഴിവാക്കുന്ന പ്രവർത്തനം ശ്രമകരവുമാണ്. എന്നാൽ പുലിയൂർ ഗ്രാമപഞ്ചായത്തിൽ അപാകം കണ്ടെത്തി, സസ്പെന്റ് ചെയ്ത ഗുണഭോക്താവ് അനർഹമായി കൈപ്പറ്റിയ തുക ഇനിയും തിരികെ ഈടാക്കാനായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ മാനദണ്ഡ പ്രകാരം അപേക്ഷകൻ കേന്ദ്ര / സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ / കുടുംബ പെൻഷൻ ലഭിക്കുകയും ചെയ്യുന്ന വ്യക്തി ആകരുത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷപെൻഷൻ ഗുണഭോക്താവായ ശ്രീമതി.രാധാമണി കോണിശ്ശേരിൽ, പുലിയൂർ എന്ന വ്യക്തിയുടെ വാർദ്ധക്യകാല പെൻഷൻ പരാതിയെ തുടർന്ന് 2021 മെയ് മാസം സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്. 23-9-2018 ൽ മരണപ്പെട്ട ഭർത്താവിന്റെ കുടുംബപെൻഷൻ കൈപ്പറ്റുന്ന എന്ന നിലക്കാണ് ടിയാരിയെ, ജില്ലാ കളക്ടേറ്റിൽ നിന്നും ഫോർവേഡ് ചെയ്ത പരാതിയുടെയും തുടർന്നുള്ള അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സസ്പെന്റ് ചെയ്തിട്ടുള്ളത്. ടി വ്യക്തി അനർഹമായി കൈപ്പറ്റിയിട്ടുള്ള 69000 രൂപയും (2016 ഒക്ടോബർ മുതൽ 2021 ഏപ്രിൽ വരെ) തിരികെ ഈടാക്കുന്നതിന് തീരുമാനിച്ച (ഫയൽ നം. സി 3/1676/21 തീയതി.13-07-21). പണം തിരികെ ഈടാക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ശ്രീമതി. രാധാമണിക്ക് കത്ത് നൽകിയിട്ടുണ്ട്. നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-27 വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല

പദ്ധതി മാർഗ്ഗരേഖ സ. ഉ. (കൈ) നം. 11/2018/ത.സ്വ.ഭ.വ./29-01-2018 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ്, അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതും പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുമാണ്. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നല്കണമെന്നും ഈ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി മറ്റൊരുദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതാണെന്നും ഇതിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല ഗ്രാമ പഞ്ചായത്തിൽ മോണിട്ടറിംഗ് കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നത്. ഈ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

## 1-28 തൊഴിലുറപ്പ് പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു
.

| വർഷം | ആക്ഷൻ പ്ലാൻ അനുസരിച്ച് അനുമതി ലഭിച്ച പ്രവർത്തി-കളുടെ എണ്ണം | നടപ്പാക്കിയ സ്പിൽ ഓവർ പ്രവർത്തി-കളുടെ എണ്ണം | നടപ്പാക്കിയ പുതിയ പ്രവർത്തി -കളുടെ എണ്ണം | പൂർത്തി-യാക്കിയ സ്പിൽ ഓവർ പ്രവർത്തികൾ | പൂർത്തി യാക്കിയ പുതിയ പ്രവർത്തികൾ | പുതിയ-തായി രജിസ്റ്റർ ചെയ്ത തൊഴിലാളികൾ | ആകെ തൊഴിലാളികൾ | 100 തൊഴിൽ ദിനം പൂർത്തീ -കരിച്ച കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| 2020-21 | 437 | 23 | 157 | 23 | 90 | 144 | 1723 | 501 |

ആകെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | വേജസ് | മെറ്റീരിയൽസ് | അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് |
|---|---|---|---|
| 2020-21 | 2319736 | 1251650 | 751497 |

## 1-29 മെഡിസിന് അഡ്വാൻസായി തുക ചെലവഴിച്ചു,മരുന്ന് ലഭ്യമായിട്ടില്ല.

പ്രോജക്ട് നം -64/2021

പ്രോജക്ടിന്റെ പേര് -മരുന്ന് വാങ്ങൽ

നിർവഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ ,ഹോമിയോ

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 2,50,000രൂപ ട്രഷറി ബിൽ നം - 14/2020-21/04-03-21 പ്രകാരം പിൻവലിച്ച് ഹോംകോ മെഡിസിന് അഡ്വാൻസായി നല്കി. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മരുന്ന് ലഭ്യമായിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്. പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ എത്രയും വേഗം മരുന്ന് ലഭ്യമാക്കി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-30 പഠനമുറി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റ് നം -105/21

എച്ച് .എം . നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയിൽ, 50000/-രൂപ (ട്രഷറി ബിൽ നം -08/21/21- 01 – 20 ) പ്രകാരം പി. കെ. രവി എന്ന ഗുണഭോക്താവിന് അഡ്വാൻസായി നൽകിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ചിട്ടില്ല . ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം -07/15-07-21 നുള്ള മറുപടിയിൽ 2020- 21 വർഷം പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലെന്നും 2021 – 22 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് . പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ് . ചെലവ് തുക താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

## 1-31 വാറ്റ് - 25557 രൂപ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്

വാർഷിക കണക്കുകളിലെ B-9 പട്ടിക( ഹെഡ് കോഡ് – 350300103) പ്രകാരം സർക്കാരിലേക്ക് ഒടുക്കുവാനുള്ള വാറ്റ് ആയി 25,557 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ തുടരുന്നുണ്ട്. ഈ തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് സർക്കാരിലേക്ക് ഒടുക്കി ചെലാന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-32 പിഎച്ച്സിയിലേക്കുള്ള മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല.

പദ്ധതി നം.എസ്സ്. 0024/2021

ചെലവ്-200000/-

ബിൽ നം.20/20-21/10.03.2021

പുലിയൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 2020-21 കാലയളവിൽ മേൽ പദ്ധതിയിലുൾപ്പെടുത്തി 200000/- രൂപ വികസനഫണ്ടിൽ നിന്ന് പിൻവലിച്ച് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 78817/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 121183/- രൂപയുടെയും മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. ഇതുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർക്കു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 പാലിയേറ്റീവ് കെയർ പ്രോജക്റ്റ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രോജക്റ്റിന്റെ പേര് -പാലിയേറ്റീവ് കെയർ പ്രോജക്റ്റ്

പ്രോജക്റ്റ് നം. -എസ്സ്.0060/21

ചെലവ് -100000/-

ബിൽ നം . -22/20-21/24.03.2021

മേൽ പദ്ധതികളിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനായി 2020-21 കാലയളവിൽ 100000/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഒന്നുംതന്നെ ഇതുവരെയും ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൻ വിശദീകരണമാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്കു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഇക്കാര്യം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ അറിയിച്ചിട്ടുണ്ടെന്നും മരുന്നുകൾ ഉടൻ ലഭ്യമാക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 നിയമാനുസൃത കുറവുകൾ വരുത്താതെ ബിൽ തുക നൽകി

സെക്രട്ടറി നിർവ്വഹണം നടത്തിയ എൽ.ഇ.ഡി ബൾബ് വിത്ത് അക്സസറീസ് വാങ്ങലും സ്ഥാപിക്കലും എന്ന പ്രോജക്റ്റ് (നം- 5/21) കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് മുഖാന്തിരമാണ് നടപ്പാക്കിയത്. സ്ഥാപനത്തിന്റെ 27-10-2020 ലെ ബിൽ നം- എസ്സ്.റ്റി.എൽ/246/20-21 , 12-11-20 ലെ ബിൽ നം-എസ്സ്.റ്റി.എൽ /320/20-21എന്നിവ പ്രകാരം 317281 രൂപ സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഈ ബില്ലിൽ നിന്നും നിയമാനുസൃത കുറക്കലുകൾ നടത്തിയില്ല. വർക്ക് കോൺട്രാക്റ്റ് ബില്ലിൽ നിന്നും 1% IT , 1% നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം, 2% ജി.എസ്.റ്റി (സർക്കുലർ നം.65/39/2018-DOR Dated 14-09-18 പ്രകാരം 1-10-18 മുതൽ ഒറ്റ കോൺട്രാക്റ്റിൽ രണ്ടര ലക്ഷം രൂപക്ക് മുകളിലുള്ള വർക്ക് കോൺട്രാക്റ്റുകളുടെ ബില്ലിൽ നിന്നും 2% ജി.എസ്.റ്റി )എന്നിവ പിടിക്കണം.വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 20/27-07-21 ന് ലഭ്യമാക്കിയ മറുപടിയിൽ നിയമാനുസൃതവിഹിതങ്ങൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 12692 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-35 എം.ജി.എൻ.ആർ.ഇ.ജി.എസ്- 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചവർക്കുള്ള പ്രത്യേകപാരിതോഷികം-4000രൂപ പഞ്ചായത്ത് ഫണ്ടിൽ തുടരുന്നു.

എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചവർക്കുള്ള പ്രത്യേകപാരിതോഷികം എന്ന നിലയിൽ 3,09,000രൂപ ഗ്രാമപഞ്ചായത്തിന് സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുകയും അക്കൌണ്ട് മുഖേന 1000 രൂപ വീതം ഗുണഭോക്താക്കൾക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. എന്നാൽ 4 ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് നൽകിയ പണം ഗുണഭോക്താവ് തന്നെ അക്കൌണ്ടുകൾ മരവിപ്പിച്ചതിനാൽ പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് തുക മടങ്ങി. ഇപ്രകാരം തിരികെ ലഭിച്ച 4000രൂപ സ്റ്റെയിൽ ചെക്ക് എന്ന നിലയിലാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പണം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.ചെലവ് തുക താൽക്കാലികമായി തടസ്സപ്പെടുത്തുന്നു.

## 1-36 എയ്റോബിക് കംപോസ്റ്റ് യൂണിറ്റുകൾ- തുടർ നിരീക്ഷണം അനിവാര്യം

മാലിന്യ ഉറവിടങ്ങളായ മാർക്കറ്റുകൾ, ബസ്സ് സ്റ്റാൻഡ് എന്നിവിടങ്ങളിലാണ് ഗ്രാമപഞ്ചായത്ത് ജൈവമാലിന്യസംസ്കരണത്തിനായി എയ്റോബിക് കംപോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. ഏഴു സ്ഥാപനങ്ങളിലായി 8 എയ്റോബിക് കംപോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ പേരിശ്ശേരി ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജും ഉൾപ്പെടുന്നു. നോഡൽ ഏജൻസിയായ ഐ.ആർ.ടി.സി മുഖാന്തിരമാണ് യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടത്. ഇവയുടെ പരിപാലന ചുമതല 7സ്ഥാപനങ്ങളെത്തന്നെയാണ് ഏൽപ്പിച്ചിട്ടുള്ളത് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചു. എന്നാലിവയുടെ തുടർനടത്തിപ്പ് (മാലിന്യ ശേഖരണം,സംസ്കരണം), കംപോസ്റ്റ് നിർമ്മാണത്തിന് ആവശ്യമായ ഇനോക്കുലം വാങ്ങൽ, കംപോസ്റ്റിന്റെ വിതരണം എന്നിവ എപ്രകാരമാണ് എന്നുള്ള തീരുമാനങ്ങളോ ചുമതല കൈമാറികൊണ്ടുള്ള കരാറുകളോ ഫയലിൽ ലഭ്യമായിരുന്നില്ല. സെക്രട്ടറിയുടെ മറുപടിയിൽ നിർമ്മിക്കപ്പെടുന്ന കംപോസ്റ്റ് , കൃഷി ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനായി കൃഷിഭവന് കൈമാറുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.18/27-07-21). എന്നാൽ കംപോസ്റ്റ് നിർമ്മിക്കപ്പെട്ടതായോ കൈമാറിയതായോ ഉള്ള വിവരങ്ങൾ ഫയലിൽ ലഭ്യമായിരുന്നില്ല. ഒരു തവണ 30000/-രൂപ ചെലവ് ചെയ്ത് ഗ്രാമപഞ്ചായത്ത് എയ്റോബിക് കംപോസ്റ്റ് യൂണിറ്റിനാവശ്യമായ ഇനോക്കുലം വാങ്ങിയിട്ടുണ്ട്. എന്നാൽ എല്ലാ യൂണിറ്റുകളിലേക്കും ഇത് കൈമാറിയോ എന്നുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമായിരുന്നില്ല. എയ്റോബിക് കംപോസ്റ്റ് യൂണിറ്റുകളുടെ തടസ്സരഹിതമായ പ്രവർത്തനത്തിന് ആവശ്യമായ കരാറുകളിൽ ഏർപ്പെട്ട് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളെ തുടർപരിപാലനം ചുമതലപ്പെടുത്തേണ്ടതാണ്. ജൈവമാലിന്യങ്ങളുടെ സംസ്കരണം ലക്ഷ്യമാക്കി സ്ഥാപിച്ചിട്ടുള്ള ഈ യൂണിറ്റുകളുടെ തുടർ പ്രവർത്തനം നിരീക്ഷിക്കപ്പെടേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-37 നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകയുടെ വിനിയോഗവിവരങ്ങളില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റിൽ നിർവ്വഹണ ഏജൻസിക്ക് നൽകിയ മുൻകൂർ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമായിരുന്നില്ല.

| പ്രോജക്റ്റിന്റെ പേര് / | ചെലവ് | അടങ്കൽ | മുൻകൂർ | ഏജൻസി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നമ്പർ | വിവരങ്ങൾ (ബിൽ നം./ തീയതി) | | | |
| പി.എച്ച്.സി-അടിസ്ഥാനസൌകര്യം മെച്ചപ്പെടുത്തൽ (നം-82/21) | 15/20-21 30-10-20 | 11,00,000 | 2,20,000 | നിർമ്മിതി കേന്ദ്രം |

ഈ തുക മുൻകൂർ എന്ന നിലക്കായിരുന്നില്ല വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയത്. ആയതിനാൽ ഇവയുടെ വിനിയോഗം മുൻകർ രജിസ്റ്റർ, B-18 പട്ടിക എന്നിവയിലൂടെ നിരീക്ഷിക്കാനാകുമായിരുന്നില്ല. എന്നാൽ ഓഡിറ്റ് നിർദ്ദേശിച്ചതിനെ തുടർന്ന് വിവരങ്ങൾ മുൻകൂർ രജിസ്റ്റർ, B-18 പട്ടിക എന്നിവയിൽ ഉൾപ്പെടുത്തി. പ്രവർത്തികൾ പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-38 ജീവനോപാധി നഷ്ടപ്പെട്ടവർക്കുള്ള ആനുകൂല്യം സർക്കാരുദ്യോഗസ്ഥന്റെ കുടുംബത്തിനും നൽകി

പ്രോജക്റ്റ് നം- 151/21

പ്രോജക്റ്റിന്റെ പേര്- ആട് വളർത്തൽ (എസ് .സി )

ഫണ്ട്- വികസനഫണ്ട് എസ്.സി.പി

അടങ്കൽ-204000

ചെലവ് - 204000 ബിൽ നം- 5/20-21 തുക-90000 തീയതി-4-11-20

ബിൽ നം- 7/20-21 തുക-66000 തീയതി-20-1-21

ബിൽ നം- 11/20-21 തുക-48000 തീയതി-16-2-21

2018 ലെ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്കായി നടപ്പിലാക്കിയ പ്രോജക്റ്റിൽ 6000/- രൂപ നിരക്കിൽ 5-7 മാസം പ്രായമുള്ള പെണ്ണാടുകളെ വാങ്ങി 23 ഗുണഭോക്താക്കൾക്ക് നൽകി. എന്നാൽ ഈ ഗുണഭോക്താക്കളിൽ ഒരാളായ ശ്രീമതി അംബിക.സി.റ്റി, ചാത്തമേൽ, തോനക്കാട്.പി.ഒ എന്നയാൾ ഉൾപ്പെട്ട റേഷൻ കാർഡ് നം- 1422033518 ലെ വിവരങ്ങൾ പ്രകാരം കുടുംബത്തിൽ സംസ്ഥാനസർക്കാർ ജീവക്കാരനായ ശ്രീ. രാജൻ എന്നയാൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-24/29-07-21) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. സംസ്ഥാന സർക്കാർ ജീവനക്കാരനായ വ്യക്തിയുടെ കുടുംബത്തിന് പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടതായി കണക്കാക്കാനാവില്ല. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിനായി ചെലവ് തുക 6000/-രൂപ തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 ഇലവങ്കാട് പള്ളി വല്യേത്ത് റോഡ് കോൺക്രീറ്റിംഗ് എസ്റ്റിമേറ്റ് ക്വാണ്ടിറ്റി അധീകരിച്ച് പ്രവൃത്തി നടത്തി

പ്രോജക്റ്റ് നം.S0092/2020

ഫണ്ട്- സി.എഫ്.സി ഗ്രാന്റ് 1,70,000/-

ബിൽ നം.21/19-20 തുക 163837/- തീയതി 21-01-2020.

എം.ബുക്ക് നം.16/19-20

ഇലവങ്കാട് പള്ളി വല്യേത്ത് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ, കരാർ എന്നിവ പരിശോധിച്ചതിൽ, പി. ഭദ്രൻ എന്ന കരാറുകാരന്റെഎസ്റ്റിമേറ്റ് നിരക്കിൽ നിന്നും .03%കുറവില്ലുള്ള കരാർ അംഗീകരിച്ച് വർക്ക് ഏൽപ്പിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ഡിറ്റയിൽഡ് എസ്റ്റിമേറ്റ് പ്രകാരം ഐറ്റം നം.2, (11.4.3.1 )Providing Concrete For Plain/Reinforced Concrete In Open Foundations Complete As Per Drawings And Technical Specifications Clause 802,803,1202&1203) ന് കുബിക് മീറ്ററിന് 8566.68/- രൂപയാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

എം ബുക്ക് നം.16/19-20 പരിശോധിച്ചതിൽ, നിലവിലെ സൈറ്റ് കണ്ടീഷനനുസരിച്ച് ഫോം വർക്ക് ഒഴിവാക്കിയതായി അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി ക്യുബിക്ക് മീറ്ററിന് 329.48 രൂപ കുറവ് ചെയ്ത് 8236.52 നിരക്കിൽ റേറ്റ് അനുവദിച്ച് പ്രസ്തുത ഐറ്റത്തിന്റെ മൂല്യം തിട്ടപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഐറ്റത്തിന്റെ എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയായ 16.950 കുബിക് മീറ്ററിൽ ലിമിറ്റ് ചെയ്യാതെ 17.6019 എം3 ന് കരാറുകാരന് പ്രതിഫലം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ അധികരിച്ച് മൂല്യം തിട്ടപ്പെടുത്തിയത് സംബന്ധിച്ച് വ്യക്തത വരുത്താനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23 തീയതി. 28-07-2021) ലഭ്യമാക്കിയ മറുപടി പ്രകാരം വർക്ക് തൃപ്തികരമായി നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ കൂടതൽ ചെയ്യാൻ കരാറുകാരന് നിർദ്ദേശം നൽകിയതായും തദനസരിച്ചാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്. മറുപടിയെ സാധൂകരിക്കുന്ന രേഖകളോ/രേഖപ്പെടുത്തലുകളോ ഫയലിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അധികം ചെലവഴിച്ച 8236.52*(17.6019-16.950)=5369/-രൂപ ചെലവിനുത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നു.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2020-2021 | 658980 | നെൽകൃഷി പ്രോത്സാഹന കൂലി ചെലവ് | 658980 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 100000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 200000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 1300000 | നെൽകൃഷി പ്രോത്സാഹന കൂലി ചെലവ് | 1300000 | ० |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 100000 | പാലിന് സബ്സിഡി(എസ്സ്. സി.) | 100000 | 0 |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./വൌച്ചർ നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | നൂറ്റവൻപാറ കുടിവെള്ള പദ്ധതി | ട്രഷറി ബിൽ നം 10/20 – 21/22-10-20 | 27,000 | 27,000 | ഇല്ല |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കുവാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ ചേർത്തിരിക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | 1-1-2019 ലെ എൽ.എഫ്.എസ്സ്/11/18 | 2440000 | 7665882 | 1141882 | | 89,64,000 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ ഉൾപ്പെട്ടിട്ടുള്ളതും തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ പരാമർശങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 4-12 | 2011-12 | 4-12 | വനിത തൊഴിൽ പരിശീലന പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല | 29-08-2019 ലെ അദാലത്തിൽ പരാമർശം ഒഴിവാക്കുന്നതിനുള്ള അധിക വിവരങ്ങൾ നൽകിയിട്ടുണ്ട്. |

## 4-7 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,98,56,282 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,77,13,082 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,369 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 687002 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 3-1 | | 5,369 | ശ്രീ.അനിൽകുമാർ.കെ, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | | 5369/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 3,94,310 | ശ്രീമതി ബിന്ദു.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 50,000 | ശ്രീമതി എ.സി.ലീല, ഹെഡ്മിസ്ട്രസ്സ് |
| 1-34 | 12,692 | ശ്രീമതി ആർ.ശ്രീല, സെക്രട്ടറി |
| 1-35 | 4,000 | ശ്രീമതി ആർ.ശ്രീല, സെക്രട്ടറി |
| 1-37 | 2,20,000 | ശ്രീമതി ആർ.ശ്രീല, സെക്രട്ടറി |
| 1-38 | 6,000 | ശ്രീ.അബ്ദുൾ ജലീൽ, വെറ്ററിനറി സർജൻ |
| ആകെ | 6,87,002 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം. 1-34

സി.ജി.എസ്സ്.ടി-3173
എസ്സ്.ജി.എസ്സ്,ടി-3173
കെ.സി.ഡബ്ല്യൂ.എഫ്-3173
ഐ.ടി-3173

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനിൽകുമാർ.കെ അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ പുലിയൂർ ഗ്രാമപഞ്ചായത്ത് | കുന്നംപുറത്ത് വീട് പരുത്തിക്കുഴി പി.ഒ നെടുമങ്ങാട് |
| ശ്രീമതി ആർ.ശ്രീല, സെക്രട്ടറി | സെക്രട്ടറി, പുലിയൂർ ഗ്രാമപഞ്ചായത്ത് | തോണ്ടലിൽ, കൊല്ലകടവ്.പി.ഒ., ചെങ്ങന്നൂർ |
| ഡോ.അബ്ദുൾ ജലീൽ വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ പുലിയൂർ ഗ്രാമപഞ്ചായത്ത് | നടുവിളപറമ്പ് ഷാമിൽ വില്ല,<br>വെസ്റ്റ് ഓഫ് പൊന്നാട് എൽ.പി.എസ് പൊന്നാട്. പി.ഒ മണ്ണഞ്ചേരി-688538 |
| ശ്രീമതി അമിതാമോൾ, അസിസ്റ്റന്റ് എൻജിനീയർ | ലഭ്യമാക്കിയില്ല | അമ്പിളി ഭവൻ, മാടപ്പള്ളി.പി.ഒ. ചങ്ങനാശ്ശേരി |
| ബിന്ദു.എസ് | അസിസ്റ്റന്റ് | കോളഭാഗത്ത് |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി പുലിയൂർ ഗ്രാമ പഞ്ചായത്ത് | പൊന്നേഴ തെക്കേക്കര.പി.ഒ |
| എ.സി.ലീല എച്ച്.എം | ഹെഡ്മിസ്ട്രസ്സ് എൽ.പി.എസ്സ്. തോന്നക്കാട് | രാകേഷ് ഭവനം ആല.പി.ഒ പേരിശ്ശേരി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ 8/1159/00/30.11.2000/08.02.2001 |
| 1997-98 | എൽ.എഫ്.ജി.എ5/1832/11 തീയതി 25.01.2012 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ 5/1832/11 തീയതി 30.01.2012 |
| 2003-04 | എൽ.എഫ്.ജി.എ 5/1832/11 തീയതി 30.01.2012 |
| 2004-05 | എൽ.എഫ്.ജി.എ 5/1577/13(B) തീയതി 21.05.2014 |
| 2005-06 | എൽ.എഫ്.ജി.എ 5/1577/13 തീയതി 20.05.2014 |
| 2006-07,2008-09 | എൽ.എഫ്.ജി.എ 5/1577/13 തീയതി 21.05.2014 |
| 2007-08 | എൽ.എഫ്.ജി.എ 5 1577/13 തീയതി 20.05.2014 |
| 2009-10 | എൽ.എഫ്.ജി.എ 5 /1577/13 തീയതി 21.05.2014 |
| 2010-11,2011-12 | എൽ.എഫ്.ജി.പി 5 /195/14 തീയതി 22.05.14/04.07.2014 |
| 2012-13 | എൽ.എഫ്.ജി.പി 5 /201/15 തീയതി 04.08.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി5/199/2016 തീയതി 22.03.2016 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി12/821/2016 തീയതി 26.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി12/1265/2016 തീയതി 16.11.2016 |
| 2016-17 | കെഎസ്.എ-എ.എൽ.പി-പി12/1065/2017 തീയതി 19.08.2017 |
| 2017-18 | കെഎസ്.എ-എ.എൽ.പി-പി12/1495/2018 തീയതി 04.12.2018 |
| 2018-19 | കെഎസ്.എ-എ.എൽ.പി-പി12/185/2020 തീയതി22-05-2020. |

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്